**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4** **08-08-2023 - ൽ മറുപടിയ്ക്ക്**

**സെമി-ഹൈസ്പീഡ് റെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സെമി-ഹൈസ്പീഡ് റെയിൽ പദ്ധതിക്കായി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇതുമായി ബന്ധപ്പെട്ട് ട്രാഫിക് സർവേ, ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ/ഡ്രോൺ), ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, EIA പഠനം, ഹൈഡ്രോഗ്രാഫിക്, ടോപ്പോഗ്രാഫിക് സർവേ, സിൽവർലൈൻ സ്റ്റേഷനുകളുടെ ആർക്കിടെക്ചചറൽ ഡിസൈൻ, കണ്ടൽകാടുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ടുള്ള പ്ലാൻ, CRZ മാപ്പിംഗ് എന്നീ പ്രവർത്തനങ്ങൾ കേരള സെമി-ഹൈസ്പീഡ് റെയിൽ പദ്ധതിക്കായി ഇതുവരെ നടത്തിയിട്ടുള്ളതാണ്. |
| (ബി) | 'ഗ്രീൻഫീൽഡ് കോറിഡോർ' പദ്ധതിയുടെ അനുമതിക്കായി മന്ത്രിതലത്തിൽ കേന്ദ്ര സർക്കാരുമായി നടത്തിവരുന്ന ആശയവിനിമയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സിൽവർലൈൻ പദ്ധതിയുടെ അനുമതിക്കായും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നു. 27.12.2022 നു ബഹു. പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തുകയും സിൽവർലൈൻ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യുകയും പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തു. തുടർന്ന് 25.03.2023 ലെ ബഹു. പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ച്ചയിലും പ്രസ്തുത പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പ്രൊ. കെ.വി.തോമസ് (ന്യൂഡൽഹിയിൽ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധി) കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിക്കു സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കത്ത് അയക്കുകയും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുകയുണ്ടായി. സിൽവർലൈൻ ഉൾപ്പെടെയുള്ള വിവിധ റെയിൽവേ പദ്ധതികൾക്കായി 30.06.2023 ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ-റെയിലിനെ എതിർത്തവർ പോലും വന്ദേഭാരതിന്റെ വരവോടുകൂടി അനുകൂലമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്ദേ ഭാരത് വന്നതോടുകൂടി അതിനു ലഭിച്ച സ്വീകാര്യത ജനങ്ങൾ അതിവേഗ റെയിൽവേ സർവ്വീസ് ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവാണ്. |
| (ഡി) | കെ-റെയിൽ പദ്ധതി അടഞ്ഞ അദ്ധ്യായമല്ലെന്ന കേന്ദ്ര റെയിൽമന്ത്രിയുടെ പ്രതികരണം പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് പ്രചോദനം നൽകുന്നുണ്ടോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനു ശേഷം പദ്ധതിയുമായി മുമ്പോട്ടു പോകുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള റെയിൽ പാതകൾ റെയിൽവേ അംഗീകരിച്ചു നടപ്പാക്കുന്നുണ്ട്. പുതിയകാലത്തു ജനങ്ങൾ ഇത്തരം സൗകര്യങ്ങൾ ആഗ്രഹിക്കുന്നുണ്ട്. ഈ യാഥാർത്ഥ്യം ഈ പദ്ധതി എതിർക്കുന്നവർക്ക് പോലും അംഗീകരിക്കേണ്ടിവരും. ഇതിന്റെ പ്രതിഫലനമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ. |

സെക്ഷൻ ഓഫീസർ